2014
എസ് ബി ടി യുടെ അവസാന ബാങ്ക് ഫെസ്റ്റ്. മോണോ ആക്ട് ഇനത്തിൽ കടുത്ത മത്സരം. തെരുവിൽ പിച്ചിച്ചീന്തപ്പെട്ട ഒരു പാവം പെൺകുട്ടിയുടെ അച്ഛന്റെ വികാരവിചാരങ്ങൾ, സമൂഹത്തോടുള്ള പ്രതികരണം ഒക്കെ അവതരിപ്പിച്ചു കൊണ്ട് ഒരു മത്സരാർത്ഥി. അവതരണത്തിന്റെ ആദ്യനിമിഷങ്ങൾ പിന്നിട്ടപ്പോൾ ആ അച്ഛൻ മത്സരാർത്ഥിയിൽ പ്രവേശിച്ച പോലെ. അഭിമുഖത്തിനെത്തിയ പത്രക്കാരോട് അച്ഛൻ പൊട്ടിത്തെറിച്ചു. ഉറ്റവരെക്കണ്ടപ്പോൾ ഇടനെഞ്ഞ് പൊട്ടിക്കരഞ്ഞു. അഭിനയം തീർന്ന് വേദിക്ക് പിറകിലെത്തിയപ്പോൾ അയാൾ നിന്ന് കിതച്ചു. ഹൃദയം നുറുങ്ങുന്ന വേദന, തൊണ്ട വരളുന്ന പോലെ. ആരൊക്കെയോ വിളിച്ചു. അയാൾ കേട്ടില്ല. ഒടുവിൽ ആരോ നീട്ടിയ വെള്ളക്കുപ്പി വാങ്ങി ഒരു കവിൾ മൊത്തി. അച്ഛൻ അയാളിൽ നിന്നിറങ്ങി.. അയാൾ തളർന്നിരുന്നു...
ആ പ്രകടനം അയാളെ എത്തിച്ചത് ഒന്നാം സ്ഥാനത്ത്.

ഒരു കാലത്ത് സ്റ്റേജിൽ കയറാൻ ഭയന്നിരുന്ന, ഇന്ന് അരങ്ങിലും അണിയറയിലും തന്റെ കയ്യൊപ്പ് ചാർത്തിയ, കൊച്ചി എഫ് എമ്മിലെ ജനപ്രിയ പരിപാടിയായ "ദീപസ്തംഭം മഹാശ്ചര്യ"ത്തിന്റെ ശില്പിയെ, അനുഗ്രഹീത ശബ്ദത്തിന്റെ ഉടമയെ, 200ആം ദളത്തിൽ അഭിമാനത്തോടെ അവതരിപ്പിക്കുന്നു.

അരുൺ ബാലകൃഷ്ണൻ
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
ലേണിംഗ് ആൻഡ് ഡെവലപ്മെന്റ് സെന്റർ,
തിരുവനന്തപുരം.

ഡെപ്യൂട്ടി തഹസിൽദാർ ആയി റിട്ടയർ ചെയ്ത ശ്രീ ബാലകൃഷ്ണപിള്ളയുടെയും കാനറാ ബാങ്ക് സ്പെഷ്യൽ അസിസ്റ്റന്റ് ആയി റിട്ടയർ ചെയ്ത പ്രേമലതാ നായരുടെയും മകനായ അരുണിന്റെ സ്കൂൾ ജീവിതം ആരംഭിക്കുന്നത് അമ്മയുടെ ജോലി സ്ഥലമായിരുന്ന കൊല്ലത്താണ്. വിദ്യാധിരാജ വിദ്യാഭവനിൽ പ്രൈമറി തലത്തിൽ പഠിക്കുമ്പോഴോ തുടർന്ന് പത്താം ക്ലാസ്സ് വരെ അമ്മയുടെ നാടായ പാലക്കാട് ചിറ്റൂരിലെ ഗവണ്മെന്റ് ബോയ്സ് ഹൈസ്കൂളിൽ പഠിക്കുമ്പോഴോ സ്റ്റേജ് എന്ന് കേൾക്കുമ്പോഴേ പേടിച്ചു വിറക്കുമായിരുന്നു അരുൺ. അക്കാലത്ത് ചെറിയ ചെറിയ നാടകങ്ങൾ ഒക്കെ നോട്ട് ബുക്കിൽ എഴുതി വക്കുമായിരുന്നെങ്കിലും തന്റെ സ്റ്റേജ് ഭീതിയിൽ അരുൺ അതൊന്നും ആരെയും കാണിക്കുമായിരുന്നില്ല.

പ്രീഡിഗ്രിക്ക് പഠിക്കാൻ അരുൺ വീണ്ടും കൊല്ലത്തു തന്നെ തിരിച്ചെത്തി. കൊട്ടിയം എൻ എസ് എസിൽ പഠിക്കുമ്പോൾ കോളേജ് യൂണിയൻ തെരഞ്ഞെടുപ്പിൽ ക്ലാസ്സ് പ്രതിനിധിയായി അരുണിന് മത്സരിക്കേണ്ടി വന്നു. സ്ഥാനാർഥികൾക്ക് സ്വയം പരിചയപ്പെടുത്താൻ ലഭിച്ച

വേദികളിലൊക്കെ "എനിക്ക് വോട്ട് ചെയ്യണം" എന്നതിനപ്പുറം ഒന്നും മിണ്ടാൻ അരുണിന് കഴിഞ്ഞില്ല. ഇനി ജീവിതത്തിൽ സ്റ്റേജിൽ കയറാൻ തനിക്കാവില്ല എന്ന് സ്വയം തോന്നിത്തുടങ്ങിയ കാലം.

തുടർന്ന് ചരിത്രപ്രസിദ്ധമായ കൊല്ലം എസ് എൻ കോളേജിൽ ബിരുദവിദ്യാർത്ഥി ആയിരിക്കുമ്പോൾ നാടകം വീണ്ടും അരുണിന്റെ ഉറക്കം കെടുത്തി തുടങ്ങി. അന്നൊക്കെ കൊല്ലത്തെ ബാങ്ക് ജീവനക്കാരുടെ കലാസാംസ്കാരിക സംഘടനയായ ബീസ് നടത്തുന്ന പ്രതിമാസപരിപാടികളിലെ നിലവാരമുള്ള ജനപ്രിയ നാടകങ്ങൾ തന്നെ ഏറെ സ്വാധീനിച്ചിരുന്നതായി ഓർക്കുമ്പോൾ അരുണിന്റെ വാക്കുകളിൽ ആവേശം നിറയുന്നു.

കൊല്ലത്തെ ഗണിതവിദ്യാർത്ഥികളുടെ അവസാന ആശ്വാസകേന്ദ്രമായിരുന്ന ഉണ്ണിത്താൻ സാർ അരുണിന്റെ കഴിവുകളെ തിരിച്ചറിയുകയും അരുണിന്റെ പോരായ്മകൾക്ക് പ്രതിവിധി കണ്ടെത്തുകയും ചെയ്തു. മൂന്ന് പേരോടും അഞ്ചു പേരോടും സംസാരിച്ചു പരിശീലിച്ചു തുടങ്ങിയ അരുൺ മെല്ലെ അൻപതും നൂറും ഇരുന്നൂറും പേരടങ്ങിയ സംഘങ്ങളെ അയത്നലളിതമായി അഭിസംബോധന ചെയ്തു തുടങ്ങി. അതിന്റെ പരിണതഫലമായി ചെറിയ ചെറിയ നാടകങ്ങളും സ്കിറ്റുകളും കോളേജ് വേദികളിൽ അവതരിപ്പിക്കാനുള്ള ധൈര്യം കാട്ടിതുടങ്ങിയത് പലരിലും അമ്പരപ്പ് ഉളവാക്കി എന്ന് പറയുമ്പോൾ അരുണിന്റെ വാക്കുകളിലും അവിശ്വസനീയത നിഴലിടുന്നുണ്ടായിരുന്നു. അന്നത്തെ നാടകങ്ങൾ പലതും വെറും കോമഡി മാത്രമായിരുന്നു എന്നും അരുൺ ഓർക്കുന്നു.

എം ഏ സോഷ്യോളജിക്ക് കാര്യവട്ടം ക്യാമ്പസ്സിൽ ചേർന്ന് പഠിക്കുന്ന കാലത്താണ് 1996ൽ അരുണിന് എസ് ബി ടി യിൽ സെലക്ഷൻ ലഭിക്കുന്നത്. കുട്ടിക്കാലം മുതൽ അമ്മ നൽകിപ്പോന്ന കോമ്പറ്റീഷൻ സക്സസ് മാസികയിലെ പരിശീലനവും കൊല്ലത്തെ ഐ ഇ എസിലെ ശശി സാറിന്റെ പരിശീലനവും ആയിരുന്നു അരുണിന്റെ മൂലധനം. അങ്ങനെ എസ് ബി ടി യുടെ മൂന്നാർ ശാഖയിൽ ഔദ്യോഗിക ജീവിതത്തിന് തുടക്കം. 2000ത്തിൽ ജീവിതയാത്രയിൽ പിന്തുണയുമായി സ്മിതയും എത്തി.

പല ശാഖകളിൽ ജോലി ചെയ്ത് 2004ൽ അരുൺ ഓഫീസർ ആയി പ്രൊമോഷൻ നേടി. തിരുപ്പതി ശാഖയിൽ അക്കൗണ്ടന്റ് ആയി ആദ്യ പോസ്റ്റിങ്ങ്.
തുടർന്ന് അടുത്ത ഗ്രേഡ് പ്രൊമോഷൻ 2007ൽ പാലാരിവട്ടം ശാഖയിൽ. കേരളത്തിലേക്ക് തിരിച്ചെത്തിയതോടെ അരുൺ കലാരംഗത്ത് വീണ്ടും സജീവമായി. ബാങ്ക് ഫെസ്റ്റുകളിൽ മോണോ ആക്റ്റും നാടകങ്ങളുമായി സജീവം.
2012ആയപ്പോഴേക്കും സുനിൽ ദേവദത്തവുമായി ചേർന്ന് നിരവധി സ്റ്റേജ്

പ്രോഗ്രാമുകൾ അരുൺ ചെയ്യു.

അവസാനബാങ്ക് ഫെസ്റ്റ് നടക്കുന്ന കാലത്ത് കോട്ടയം സോണിനെ നാടകം പരിശീലിപ്പിക്കാനുള്ള ചുമതല അരുണിനായിരുന്നു. അത് വരെ കോട്ടയം സോൺ ഒരിക്കലും നാടകത്തിൽ സമ്മാനാർഹരായിരുന്നില്ല എന്നത് അരുണിന് ഒരു വെല്ലുവിളി ആയിരുന്നു. യുവതലമുറയിൽ പെട്ടവരായിരുന്നു അഭിനേതാക്കൾ അധികവും. അവരുടെ കുട്ടിക്കളികൾ അരുണിന് സഹിക്കാൻ കഴിയുമായിരുന്നില്ല. ഒരവസരത്തിൽ ഈ ഉദ്യമം വേണ്ടെന്ന് വരെ തോന്നി. പിന്നെ അവരും സീരിയസ് ആയി തുടങ്ങിയതോടെ കാര്യങ്ങൾ ഗൗരവം നിറഞ്ഞതായി. ഒടുവിൽ ഫലപ്രഖ്യാപനത്തിൽ കോട്ടയം സോൺ രണ്ടാം സമ്മാനം നേടിയ നിമിഷം ഇന്നും മറക്കാൻ കഴിയുന്നതല്ല എന്ന് അരുൺ. അന്നത്തെ പ്രധാന വേഷക്കാരനായിരുന്ന റിഷിയുടെ സൂചനകളിൽ കേട്ട സംവിധായകനെ തേടിയാണ് ഞങ്ങൾ അരുണിൽ എത്തുന്നത്.

2014
അരുണിന്റെ ജീവിതത്തിലെ വഴിത്തിരിവായ വർഷം. അടുത്ത ഗ്രേഡ് പ്രൊമോഷൻ, ഒപ്പം ജീവിതം ഇങ്ങനെ മാത്രം ജീവിക്കാനുള്ളതല്ല എന്ന തോന്നൽ ശക്തമായ കാലം. അങ്ങനെയാണ് ഒരു പരസ്യം കണ്ട് ആകാശവാണിയിൽ ശബ്ദപരിശോധനയിൽ പങ്കെടുക്കുന്നത്.
നല്ല ഒരു ശബ്ദത്തിന് ഉടമയാണ് താനെന്നുള്ള സ്മിതയുടെ ഓർമപ്പെടുത്തലുകളും പ്രോത്സാഹനങ്ങളും. അതിൽ അരുൺ വിജയിയായി. പക്ഷേ അവസരങ്ങൾക്ക് അത് മാത്രം പോരാ ഭാഗ്യവും വേണം എന്ന് തോന്നിയ നാളുകൾ.

അന്ന് കൂടെ തെരഞ്ഞെടുക്കപ്പെട്ടത് ഏതാണ്ട് ഇരുപതോളം പേർ. കൂട്ടത്തിൽ ഉണ്ടായിരുന്ന രാഖി സാം ഈ ഗ്രൂപ്പിലെ മിക്ക പേരുമായും ചേർന്ന് സ്കിറ്റുകൾ ഉണ്ടാക്കി കൊച്ചി എഫ് എമിന് സമർപ്പിച്ചെങ്കിലും അതൊക്കെ പിൻതള്ളപ്പെട്ടു. അങ്ങനെയാണ് രാഖി അരുണിനോട് ഒരു സ്കിറ്റ് ആവശ്യപ്പെടുന്നത്. അതിന് പല ശബ്ദം ഉപയോഗിച്ചു നോക്കിയെങ്കിലും ഒടുവിൽ അതിനും അരുണിന്റെ സഹായം വേണ്ടി വന്നു.
ദിവസങ്ങൾക്കു ശേഷം കൊച്ചി എഫ് എമ്മിൽ നിന്നും ലേഖാ ഗോപാലിന്റെ ഒരപ്രതീക്ഷിത വിളി. സ്കിറ്റ് ഇഷ്ടപ്പെട്ടു. പക്ഷേ പശ്ചാത്തലം വീടല്ലാതെ മറ്റെന്തെകിലും ആക്കണം.
പ്രധാനമന്ത്രിയുടെ ചായ് പേ ചർച്ചകളുടെ കാലം. ഒരു ചായക്കട ആയാലോ?
രണ്ട് കഥാപാത്രങ്ങളുടെ പേരുകളും പെട്ടെന്ന് വായിൽ വന്നു.
"വർക്കിച്ചായനും തങ്കമ്മയും.." പരിപാടിക്ക് ഒന്ന് രണ്ട് പേരുകൾക്കപ്പുറം ഒടുവിൽ തോന്നിയ "ദീപസ്തംഭം മഹാശ്ചര്യം"
എന്ന പേരും അവർക്കിഷ്ടമായി.

ആനുകാലിക സംഭവങ്ങളുടെ വിമർശനാത്മകമായ ഈ ആക്ഷേപഹാസ്യ പരിപാടി പ്രഭാതങ്ങളിൽ ഇതേ പേരുമായി എട്ട് വർഷമായി തുടരുന്നു എന്നോർക്കുമ്പോൾ അരുണിന് അത്ഭുതം. അതിലേറെ ഇത് കാലം കാത്ത് വച്ച ഭാഗ്യം എന്ന ചിന്തയും.

ആകാശവാണിയുടെ കൊച്ചി എഫ് എമ്മിലെ പരിപാടി ജീവിതത്തിൽ ഒരുപാട് ഭാഗ്യങ്ങൾ സമ്മാനിച്ചു. രണ്ട് നാടകങ്ങൾ ചെയ്തു. "പവിത്ര", "ടോക്കൺ നമ്പർ 67" എന്നിവ ഏറെ ആരാധകരെ നേടിക്കൊടുത്തു. ഇഡിയറ്റ്സ്, അപ്പോത്തിക്കിരി തുടങ്ങി ഇരുപതോളം ചിത്രങ്ങളിൽ ഡബ് ചെയ്യാൻ അവസരം, നിരവധി പരസ്യചിത്രങ്ങളിൽ ശബ്ദം, ഡിസ്കവറി ഇന്ത്യയുടെ മലയാളം പതിപ്പിൽ ശബ്ദം,
അരുൺ ചെയ്ത ഷെർലക് ഹോംസിന്റെ "ബാസ്കർ വിൽസിലെ വേട്ടനായ" എന്ന നാടകം storiyoh എന്ന പോഡ്കാസ്റ്റ് ആപ്പിൽ ലഭ്യമാണ്.
ആമസോൺ പ്രൈമിൽ വരാനിരിക്കുന്ന "മറഡോണ" എന്ന വെബ് സീരീസിൽ വരാൻ പോകുന്നതും അരുണിന്റെ ശബ്ദം. അങ്ങനെ അവസരങ്ങളുടെ പെരുമഴക്കാലമാണിപ്പോൾ.

"ഇവന്റസ് ആൻഡ് മോർ" എന്ന സംഘടനയുടെ യൂട്യൂബ്/ഫേസ്ബുക് ലൈവ് പ്രോഗ്രാമായ"ഗീത് രാത്"എന്ന പ്രതിമാസപരിപാടിയുടെ അവതാരകൻ അരുണാണ്. ഏറെ റിസർച്ച് ജോലികൾ ആവശ്യപ്പെടുന്ന ഒരു ജോലിയാണ് ഈ അവതാരകവേഷം. ഓരോ പാട്ടിന്റെയും പിന്നാമ്പുറ കഥകൾ ഒക്കെ ചേർത്താവണം അവതരണം.
ശബ്ദകലാകാരന്മാരുടെയും ആകാശവാണിയെ സ്നേഹിക്കുന്നവരുടെയും കൂട്ടായ്മയായ സ്വരക്കൂട്ടിന്റെ സെക്രട്ടറി കൂടിയാണ് അരുൺ. ചങ്ങമ്പുഴ പാർക്കിൽ ഈ കൂട്ടായ്മ നടത്തിയിരുന്ന പ്രതിമാസപരിപാടികൾ കോവിഡ് കാലത്ത് നിറുത്തി വച്ചിരിക്കുന്നതിനാൽ പലരെയും നേരിട്ട് കാണാൻ കഴിയുന്നില്ല എന്നത് ഒരു സ്വകാര്യദുഃഖം.
പല മേഖലകളിൽ തന്റെ സർഗ്ഗശേഷി വ്യാപാരിപ്പിക്കുന്ന അരുൺ ഗിറ്റാറിൽ ട്രിനിറ്റി കോളേജ് ഓഫ് ലണ്ടനിൽ നിന്നും ഗ്രേഡ് 3യും പാസ്സായിട്ടുണ്ട്.

2020ൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ നടത്തിയ ടാലന്റ് ഹണ്ടിൽ സ്റ്റാൻഡപ്പ് കോമഡിയിൽ കേരളത്തിൽ ഒന്നാം സമ്മാനം നേടാനായതും അഖിലേന്ത്യാതലത്തിൽ മത്സരിക്കാനായതും ജീവിതത്തിലെ സുവർണനിമിഷങ്ങളിൽ ഒന്നാണെന്ന് പറയുമ്പോൾ അരുണിന്റെ കണ്ണുകളിലെ തിളക്കം വാക്കുകളിൽ കേൾക്കാനായി. ഏറെ ബുദ്ധിമുട്ടുള്ള വെൻട്രിലോകിസം ആയിരുന്നു അതിനായി അരുൺ തെരഞ്ഞെടുത്തത് എന്നത് ഏറെ കൗതുകകരമാണ്.

ബാങ്കിങ്ങിനും അപ്പുറം അദ്ധ്യാപനത്തെ സ്നേഹിക്കുന്ന അരുൺ ഏറെ ആഗ്രഹിച്ച വേഷം 2021ൽ അരുണിനെ തേടിയെത്തി. എസ് ബി ഐ

ട്രെയിനിങ് സെന്ററിൽ ഫാക്കൽറ്റി. ഗാന്ധി ജയന്തി ദിനത്തിൽ അരുണിന്റെ രചനയിൽ ഫാക്കൽറ്റി അംഗങ്ങൾ അവതരിപ്പിച്ച സ്കിറ്റ് ഏറെ ശ്രദ്ധ നേടി.

സ്മിതയും ബി കോം വിദ്യാർത്ഥിയായ
അശ്വിൻകൃഷ്ണ, ഏഴാം ക്ലാസ്സ് വിദ്യാർത്ഥിയായ അഭിരാംകൃഷ്ണ എന്നിവർക്കൊപ്പം എറണാകുളം തൈക്കൂടത്ത് താമസിക്കുന്ന അരുണിന്റെ മനസ്സിൽ ഒരു കഥയുണ്ട്. അതിന് തിരക്കഥ തയാറായാൽ അത് ബിഗ് സ്ക്രീനിലെത്തും എന്ന് വിശ്വസിക്കുന്ന അരുണിന്റെ സ്വപ്നങ്ങളിൽ ഓരോ നാളും വിടരുന്നത് അതിന്റെ ദൃശ്യങ്ങളാണ്. ആകാശവാണിയിലെ അവതാരക ആയ സഹോദരി അശ്വതിയും സ്മിതയും പിന്തുണയുമായി പിറകെയുണ്ട്.
ഒരിക്കൽ സ്റ്റേജിൽ പതറിപ്പോയ ബാലന്റെ ഒടുങ്ങാത്ത ആവേശമാണ് ഇന്ന് സ്റ്റേജും അതിനെ സജീവമാക്കുന്ന ശബ്ദവും. അരുണിന്റെ യാത്രയിൽ പുതുപുതു ശബ്ദങ്ങൾ നിറയട്ടെ, പുതുപുതു വേഷങ്ങൾ പിറക്കട്ടെ.

-----------------------------------------------------------------------------------------------
തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, അഞ്ചാലുംമൂട് ശാഖ, കൊല്ലം

English version: Drisya Saseendran , Union Bank of India, Regional Office, Thiruvananthapuram

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, അരക്കിണർ മീഞ്ചന്ത ബ്രാഞ്ച്, കോഴിക്കോട്
-----------------------------------------------------------------------------------------------

We solicit your attentiveness be led to the stage of SBT'S last Bank fest in the year 2014, when intense competition in mono act was underway.

A candidate mounted the stage manifesting the emotional undercurrents of the father of a naive girl who had been raped in the street. He got so engrossed in reality after a while that it appeared as if the candidate had been possessed by the parent.The distraught father burst out at the media who came over for interviewing him and wailed inconsolably when he got to see his loved ones. Once he came off stage after finishing his act, he panted. His throat dried up, he couldn't bear the anguish. He did not pay heed to anything around until someone offered him water which he gulped down hastily eventually stepping out of his role as the girl's father.The transcendental and beguilingly astounding performance put him in first place.

Set aside for this week, we are about to put our spotlight on some one who used to be terrified of going on stage, but now has engraved his indelible imprints on and off stage. Talented Bankers proudly presents the 200th talent- the pioneer of the famed show "Deepasthambham Mahascharyam" aired on Kochi FM, who has a really blessed voice in his possession.

Arun Balakrishnan
State Bank of India
Learning and Development Centre,
Thiruvananthapuram.

Arun, the son of Sri Balakrishna Pillai, who retired as Deputy Tehsildar, and Smt. Premalatha Nair, who retired as Special Assistant from Canara Bank, had his schooling in Kollam, where his mother worked. He used to get scared of stage when he was studying at Vidyadhiraja Vidya Bhavan at primary level and thereafter till 10th grade at Government Boys High School in Chittoor, Palakkad, his native. He would scribble small plays in his notebook, but Arun’s talent succumbed to his stage fear which came down heavily on him and overshadowed his creativity.

Arun returned to Kollam for doing his undergraduate degree. While at NSS, Kottiyam Arun had to contest the college union elections as a class representative. In whichever venues where the candidates got to introduce themselves, Arun’s wordings wouldn’t go past "vote for me" thanks to his stage fear which held him back. He was at a point in his life when he perceived he could no longer make it to the stage.

Later, when he was a graduate student at SN College, Kollam, drama piqued his interest again. He reminisces fondly about how the pre-eminence of popular dramas in the monthly programs put on by BEES, the cultural organization of the bank employees in Kollam at that time, was quite instrumental and tremendously beneficial to him.

Shri. Unnithan, who always had been a source of solace for mathematics students in Kollam, recognized Arun's abilities and helped him get over his weaknesses. Arun, who began by speaking to groups of three or five people, gradually progressed to groups of fifty, one hundred, and two hundred. He honed his theatrical presence by performing short plays and skits. As of many of the plays of the period, according to him, he settled down for mediocrity.

Arun was hired by SBT in 1996 while doing MA in Sociology at Karyavattom Campus. Competition Success magazine, which his mother had given him since childhood, and training under Shri Sasi, a faculty member at IES, Kollam, brought him success, he feels.

He began his banking career at the Munnar branch of SBT. In the year 2000, Smitha came with support in her life journey.

After working in various branches, Arun was promoted to Officer Cadre in 2004 after which he got his posting as Accountant in Tirupati Branch. The next grade promotion was in 2007 and he worked at Palarivattom branch. Arun got involved in the realm of art after returning to Kerala, performing monoacts and dramas at bank fests. By 2012, he had done several stage programmes in collaboration with Sunil Devadatham.

Arun was in charge of rehearsing drama for Kottayam zone at the last Bank Fest. The zone had never ever won an award before and it was quite a challenge for him since majority of the members were of a younger generation. Arun couldn't stand their cheery demeanour and he at some point even thought of stepping back. However later the team started to take a matured

approach sorting out all the problems he encountered with. Arun opines that the moment when Kottayam Zone was awarded second place will be ever remembered in his life. We found our way to Arun with the aid of Mr Rishi, who was the lead actor of the play that time.

2014 was a water shed in Arun's life. He made it through the next grade promotion, and it was that time when he felt that life wasn't meant to be lived the way it was back then and he participated in a voice test on All India Radio. Arun could come out with flying colours. But those were the days when it seemed to him that though chances were not slim, they were insufficient and he needed luck be by his side.

On that particular day, about 20 candidates were chosen. Rakhi Sam, a member of the group, made skits with the majority of the members and submitted them to Kochi FM, but they were rejected. That's when Rakhi approached Arun with the request for a skit. Until then she tried with many voices but in the end had to rely on Arun for that matter.

A few days later, a call came in from Kochi FM's Lekha Gopal insisting that it would be better if the backdrop of the skit was something other than home. Around that time of the Prime Minister's Chai Pe talks, they considered tea shop as the setting for the skit and the names "Varkichayan and Thankamma "popped up in their mind as characters of the skit. The skit was named 'Deepasthambham Mahashcharyam'.

Arun is amazed to recall that this satirical show of current events has been broadcast for eight years.

His plays "Pavithra" and "Token No. 67" garnered a lot of fans. He got opportunities to dub for over 20 films including 'Idiots' and 'Apothecary' and in many commercials. He lent his voice for the Malayalam Edition of Discovery India and Sherlock Holmes' play "Hound of the Baskervilles" which is available on the podcast app- 'Storiyoh'.

Arun's voice is about to unleash again with all it's might in the upcoming web series "Maradona" on Amazon Prime.

Arun is the presenter of "Geet Raat", the monthly program of "Events and More", a YouTube / Facebook live program which calls for a lot of research since it includes enumerating the stories behind each song.

Arun is also the secretary of 'Swarakkootu', a group of artists and Aakashavani fans. The monthly events organized by this group in Changampuzha Park has been at a halt after the onset of covid.To top it all off, Arun has to his credit, Grade 3 from Trinity College of London in guitar.

When Arun talked of earning first place in Stand up Comedy in the Talent Hunt hosted by SBI in 2020 and being able to compete at the All India Level, his eyes gleamed. He did the wonderful item based on Ventriloquism.

Arun, who is passionate about teaching, is presently working as a Faculty at SBI Training Centre.

The skit written by Arun and performed by the faculty members on the occasion of Gandhi Jayanti, got a lot of attention.

Arun along with his wife Smitha and their children Aswhin Krishna ,a B.Com student and Abhiram Krishna, a seventh grade student,lives in Thaikoodam at Ernakulam. Arun dreams that the script of a story on which he is presently working on will reach the big screen. His sister who is working in Aakashavaani and his wife Smitha leaves no stones unturned in bestowing him their support wholeheartedly.

Once afraid of stage as a child, its Arun's sheer perseverance and determination that makes his voice reverberate limitless on stages. May we have the privilege of new voices be heard from him and new roles fascinating us be born in Arun's journey ahead.